# കുടുംബശ്രീ വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 58 | 2014 മെയ് | www.kudumbashree.org


### സ്ത്രീശാക്തീകരണത്തിനായി നവീന പദ്ധതികൾ

## എറണാകുളത്ത് ഇനിമുതൽ

# കുടുംബശ്രീ വനിതാ കെട്ടിട നിർമാണ യൂണിറ്റുകളും കുടുംബശ്രീ ട്രാവൽസും



*കുടുംബശ്രീയുടെ കീഴിലുള്ള വനിതാ കെട്ടിട നിർമാണ യൂണിറ്റുകളുടെയും കുടുംബശ്രീ ട്രാവൽസിന്റെയും ഉദ്ഘാടനം കാക്കനാട്ട് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ നിർവഹിക്കുന്നു*

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത യാത്രയ്ക്കായി നടപ്പാക്കുന്ന കുടുംബശ്രീ ട്രാവൽസ് - നിർമാണ മേഖലയിലെ സ്ത്രീപങ്കാളിത്തം ലക്ഷ്യമിട്ടുകൊണ്ടുള്ള വനിതാ കെട്ടിട നിർമാണ യൂണിറ്റുകൾ എന്നിവയുടെ ജില്ലാതല ഉദ്ഘാടനം എറണാകുളം തൃക്കാക്കര മുനിസിപ്പൽ കമ്മ്യൂണിറ്റി ഹാളിൽ പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ നിർവഹിച്ചു. ബെന്നി ബഹനാൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വത്സലകുമാരി പദ്ധതി വിശദീകരണം നടത്തി. കെട്ടിട നിർമാണ പദ്ധതിയുടെ ധാരണാപത്രം ജില്ലാ പട്ടികവർഗ വികസന ഓഫീസർ കെ.ആർ.മന്മഥൻ നായർക്ക് മന്ത്രി ഡോ. എം.കെ. മുനീർ കൈമാറി. കുടുംബശ്രീ ട്രാവൽസിന്റെ താക്കോൽദാനവും മന്ത്രി നിർവഹിച്ചു.

നിർമാണമേഖലയിലെ വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും അതുവഴി അവിദഗ്ധ ജോലികളിൽ നിന്ന് വിദഗ്ധ ജോലികളിലേക്ക് മാറ്റി വിന്യസിപ്പിച്ച് വനിതകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ആരംഭിച്ച പൈലറ്റ് പ്രോജക്ടാണ് വനിതാ കെട്ടിട നിർമാണ ഗ്രൂപ്പുകൾ. ജില്ലയിലെ എടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ സംസ്ഥാന ട്രൈബൽ വിഭാഗത്തിന്റെ കീഴിൽ 74 വീടുകൾ നിർമിക്കുന്ന പ്രോജക്ടാണ് ആദ്യം പൂർത്തിയാക്കുക.പരിശീലനം പൂർത്തിയാക്കിയ ശിൽപകല കൺസ്ട്രക്ഷൻസിനാണ് ആദ്യ പ്രോജക്ട് പൂർത്തീകരിക്കാനുള്ള ചുമതല. 10 പേരാണ് നിർമ്മാണ ടീമിലുള്ളത്. നിർമാണം പൂർത്തിയാവുമ്പോൾ വീടൊന്നിന് 2 ലക്ഷം രൂപ വീതം ഗ്രൂപ്പിന് ലഭിക്കും.

എഞ്ചിനീയർമാർ,സൂപ്പർവൈസർമാർ, മേസ്തിരിമാർ എന്നിവർ ഉൾപ്പെടെ ഇതിലെ അംഗങ്ങൾക്ക് പരിശീലനം നൽകി. ഹഡ്കോയുടെ ധനസഹായത്തോടെയാണ് പരിശീലനം നൽകിയത്.എഞ്ചിനീയർമാർക്കും സൂപ്പർവൈസർമാർക്കും കിറ്റ്കോയും മേസ്തിരിമാർക്ക് കോട്ടയം ജില്ലയിൽ ഏറ്റുമാനൂരുള്ള അർച്ചന വിമൻസ് സെന്ററുമാണ് പരിശീലനം നൽകിയത്.

ആദ്യ ബാച്ചിൽ 40 വനിതാ മേസ്തിരിമാർക്കും 30 ഡിപ്ലോമ-ഐ.ടി.ഐ സൂപ്പർവൈസർമാർക്കും എട്ട് എഞ്ചിനീയർമാർക്കും പരിശീലനം ലഭിച്ചു. രണ്ടാമത്തെ ബാച്ചിൽ 28 മേസ്തിരിമാരാണ് പരിശീലനം പൂർത്തിയാക്കിയത്. നിലവിൽ മൂന്നു മൈക്രോ സംരംഭക യൂണിറ്റുകളായാണ് വനിതാകെട്ടിട നിർമാണ ഗ്രൂപ്പുകൾ പ്രവർത്തിക്കുക.

കെട്ടിട നിർമാണ ഗ്രൂപ്പുകൾക്കുള്ള ധനസഹായ വിതരണം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പള്ളിയും കുടുംബശ്രീ ട്രാവൽസിനുള്ള മൂന്നുലക്ഷം രൂപയുടെ ചെക്ക് വിതരണം ബെന്നി ബഹനാൻ എം.എൽ.എയും നിർവഹിച്ചു. ലോൺ ലഭ്യമാക്കിയ യൂണിയൻ ബാങ്കിനുള്ള പുരസ്കാരം ലീഡ് ബാങ്ക് മാനേജർ കൂടിയായ കെ.ആർ. ജയ

ശേഷം പേജ് 2 കാണുക ⇨



*കുടുംബശ്രീ കെട്ടിട നിർമാണ യൂണിറ്റുകളുടെ നേതൃത്വത്തിൽ എടയ്ക്കാട്ടുവയലിൽ സംസ്ഥാന പട്ടികവർഗ വികസന വിഭാഗത്തിന്റെ കീഴിൽ വീടുകൾ നിർമിച്ചുകൊടുക്കുന്നതു സംബന്ധിച്ച ധാരണാപത്രം മന്ത്രി ഡോ.എം.കെ. മുനീർ ജില്ലാ പട്ടികവർഗ വികസന ഓഫീസർ കെ.ആർ.മൻമഥൻ നായർ യൂണിറ്റ് അംഗങ്ങൾ എന്നിവർക്ക് കൈമാറുന്നു.*

## മെഡിക്കൽ കിറ്റ് വിതരണം ചെയ്തു



കുടുംബശ്രീ പാലക്കാട് ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച കാരുണ്യ, സഞ്ജീവനി എന്നീ സാന്ത്വനം യൂണിറ്റുകളിലെ 12 അംഗങ്ങൾക്കുള്ള മെഡിക്കൽ കിറ്റിന്റെ വിതരണോത്ഘാടനം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.ഉണ്ണിക്ക്യഷ്ണൻ നിർവഹിച്ചു. ഡോ.ദീപ, ഗോപകുമാർ എന്നിവർ ഉപകരണങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദീകരിച്ചു. അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ എ.മൊയ്തീൻ സ്വാഗതവും റിസോഴ്സ് പേഴ്സൺ ബാബുരാജ് നന്ദിയും പറഞ്ഞു.

### കുഞ്ഞമ്മചേച്ചി




**സ്വയംതൊഴിൽ മേഖലയിൽ മൈക്രോ സംരംഭങ്ങൾ തുടങ്ങുന്ന സംരംഭകകർക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീ സബ്സിഡി നൽകുന്നു.**

### സ്ത്രീകൾക്ക് സുരക്ഷിത താമസത്തിന്

# കുടുംബശ്രീ വനിതാ ഹോസ്റ്റൽ

### നൂതന സംരംഭം നടപ്പാക്കുന്ന ആദ്യ ജില്ലയായി കോഴിക്കോട്



*കോഴിക്കോട്ട് കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച കുടുംബശ്രീ വനിതാ ഹോസ്റ്റൽ ഫെമിനേരായുടെ ഉദ്ഘാടനം കോഴിക്കോട് കോർപ്പറേഷൻ മേയർ പ്രഫ.എ.കെ പ്രേമജം നിർവഹിക്കുന്നു.*

സ്ത്രീകൾക്കും വിദ്യാർത്ഥിനികൾക്കും താമസിക്കാൻ സുരക്ഷിതമായ വീടൊരുക്കി കുടുംബശ്രീ മാതൃകയാകുന്നു. കോഴിക്കോട് ജില്ലയിലെ പ്രസിദ്ധമായ ഗുജറാത്ത് സ്ട്രീറ്റിൽ വനിതകൾക്കായി പുതിയ ഹോസ്റ്റൽ ആരംഭിച്ചുകൊണ്ടാണ് കുടുംബശ്രീ സ്ത്രീസുരക്ഷക്ക് പുതിയ മാർഗമൊരുക്കുന്നത്.

ഫെമിനേരാ കുടുംബശ്രീ വനിതാ ഹോസ്റ്റൽ എന്നാണ് സ്ത്രീകൾക്കായി കുടുംബശ്രീ തുടങ്ങിയിട്ടുള്ള വാസഗൃഹത്തിന്റെ പേര്.

രണ്ടു നിലകളിലായി ആറായിരം ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടത്തിൽ 52 പേർക്ക് താമസിക്കാൻ കഴിയും. 16 മുറികളും രണ്ട് കോൺഫറൻസ് മുറികളുമാണുള്ളത്. ഒരു മുറിയിൽ മൂന്നുപേർക്ക് താമസിക്കാൻ കഴിയും. എല്ലാ മുറികളിലും അറ്റാച്ച്ഡ് ബാത്ത്റൂം ഉണ്ട്. കോൺഫറൻസ് മുറികൾ ഡോർമിറ്ററിയായും ഉപയോഗിക്കാനാകും. പഠനത്തിനും ജോലിക്കുമായി നഗരത്തിൽ തങ്ങുന്നവർക്ക് സ്ഥിരമായി താമസിക്കാൻ ഹോസ്റ്റൽ പ്രയോജനം ചെയ്യും.

നഗരത്തിൽ ഇന്റർവ്യൂവിനും മറ്റും എത്തുന്നവർക്ക് ഒന്നോ രണ്ടോ ദിവസം താമസിക്കുന്നതിനും ഇവിടെ സൗകര്യം ലഭിക്കും. സർക്കാർ ഉദ്യോഗസ്ഥകൾ, ബാങ്ക് ജീവനക്കാരികൾ, മാധ്യമ പ്രവർത്തകർ, വിദ്യാർത്ഥിനികൾ എന്നിവർക്ക് പ്രവേശനം ലഭിക്കും. സുരക്ഷിതത്വവും യാത്രാ സൗകര്യവുമുള്ള സ്ഥലത്താണ് ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. സുരക്ഷിതത്വം, ശുചിത്വം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പൂർണമായും ഉറപ്പുവരുത്തിക്കൊണ്ടാണ് ഹോസ്റ്റൽ ആരംഭിച്ചിട്ടുള്ളത്. പൂർണമായും കുടുംബശ്രീയുടെ നേരിട്ടുള്ള മേൽനോട്ടത്തിന്റെ കീഴിലായതുകൊണ്ടു തന്നെ സ്ത്രീകൾക്ക് നഗരത്തിൽ ലഭ്യമാകുന്ന ഏറ്റവും സുരക്ഷിതമായ വാസഗൃഹമായിരിക്കും ഇവിടം. കുടുംബശ്രീ ജില്ലാമിഷന്റെയും കോർപറേഷൻ കുടുംബശ്രീയുടെയും സഹകരണത്തോടെയാണ് ഹോസ്റ്റൽ പ്രവർത്തിക്കുക.

വിവിധ പരിശീലന ആവശ്യങ്ങൾക്കായി യുവശ്രീ പദ്ധതി പ്രകാരം കുടുംബശ്രീ മിഷൻ 2005 ൽ ആരംഭിച്ചതാണ് ഏക്സാത് ട്രെയിനിംഗ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ഏക്സാത് ട്രെയിനിംഗ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് ആധുനിക സൗകര്യങ്ങളോടെ ലേഡീസ് ഹോസ്റ്റൽ ഒരുക്കിയിരിക്കുന്നത്. തന്നെയാണ് വാർഡന്മാരെയും സെക്യൂരിറ്റി ജീവനക്കാരെയും നിയോഗിക്കുന്നതും ഏക്സാത്തിന്റെ മേൽനോട്ടത്തിലാണ്. പതിമാസം ഭക്ഷണം ഉൾപ്പെടെയുള്ള താമസത്തിന് 4000 രൂപയാണ് വാടക. ഹോസ്റ്റൽ വാർഡൻമാർ ഉൾപ്പെടെ എല്ലാ ജീവനക്കാരും സ്ത്രീകളാണ്.

നേതൃത്വപരിശീലനം, തൊഴിൽ പരിശീലനം, വിവിധ ക്യാമ്പെയ്നുകൾ എന്നിവ നടത്തുന്ന സ്ഥാപനമാണിത്. കുടുംബശ്രീ ഹോസ്റ്റലിനോടനുബന്ധിച്ച് ഭാവിയിൽ സ്ത്രീകൾക്കായി ഹെൽത്ത് ക്ലബും ആരംഭിക്കാനും പദ്ധതിയുണ്ട്.

കുടുംബശ്രീ വനിതാ ഹോസ്റ്റലിന്റെ ഉദ്ഘാടനം കോഴിക്കോട് കോർപ്പറേഷൻ മേയർ പ്രഫ.എ.കെ പ്രേമജം നിർവഹിച്ചു. കോർപ്പറേഷൻ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.രാധാകൃഷ്ണൻ

ശേഷം പേജ് 2 കാണുക ⇨



*കുടുംബശ്രീയുടെ നേതൃത്വത്തിൽ കോഴിക്കോട്ടെ ഗുജറാത്ത് സ്ട്രീറ്റിൽ പ്രവർത്തനം ആരംഭിച്ച കുടുംബശ്രീ വനിതാ ഹോസ്റ്റൽ*

കുടുംബശ്രീ വാർത്താപത്രിക

ഒന്നാം പേജിൽ നിന്നും തുടർച്ച ⇨



*കാക്കനാട്ട് കുടുംബശ്രീ ട്രാവൽസിന്റെ ഫ്ളാഗ് ഓഫ് പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ നിർവഹിക്കുന്നു*

പ്രകാശും ബ്രാഞ്ച് മാനേജർമാരും ഏറ്റുവാങ്ങി.

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ടാനി തോമസ്, അസി.കോ-ഓർഡിനേറ്റർ സന്തോഷ് പി. അഗസ്റ്റിൻ, തൃക്കാക്കര നഗരസഭാ ചെയർമാൻ ഷാജി വാഴക്കാല, തൃപ്പൂണിത്തുറ നഗരസഭാ ചെയർമാൻ ആർ. വേണുഗോപാൽ, ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് ബിന്ദു ജോർജ്, തൃക്കാക്കര നഗരസഭാ കൗൺസിലർ വർഗീസ് പൗലോസ്, കുടുംബശ്രീ ഭരണനിർവഹണ സമിതി അംഗം അഡ്വ.എൻ.എ. ഖാലിദ്, ഗവേണിംഗ് ബോഡി അംഗം ഷേർളി സ്റ്റീഫൻ, കെ.ആർ. മന്മഥൻ നായർ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ എസ്. കാർത്തികേയൻ തുടങ്ങിയവർ സംസാരിച്ചു.

കുടുംബശ്രീ ട്രാവൽസിന്റെ ഫ്ളാഗ് ഓഫ് കാക്കനാട് ജംഗ്ഷനിൽ മന്ത്രി ഡോ.എം.കെ മുനീർ നിർവഹിച്ചു. കൊച്ചി വെസ്റ്റ് കുടുംബശ്രീ അംഗങ്ങളായ സുധ പ്രസാദ്, കൊച്ചുത്രേസ്യ, കളമശ്ശേരിയിൽ നിന്നുള്ള റൗഹാനത്ത്, സൽമ, തിരുവാങ്കുളത്തു നിന്ന് ലേഖ, തൃപ്പൂണിത്തുറയിൽ നിന്ന് ബിന്ദു ധനേഷ് എന്നിവരാണ് കുടുംബശ്രീ ട്രാവൽസിന്റെ സാരഥികൾ.

ഒരു വർഷം മുമ്പ് ഡ്രൈവിംഗ് പഠിച്ച് ലൈസൻസ് എടുത്തവരാണ് എല്ലാവരും. കുടുംബശ്രീ സിഡിഎസ് മുഖേന ലഭിച്ച 118 അപേക്ഷകരിൽ നിന്നാണ് ഇവരെ തെരഞ്ഞെടുത്തത്. മാരുതി പോപ്പുലർ മോട്ടോഴ്സിന്റെ കീഴിലായിരുന്നു ഇവർക്കുള്ള വിദഗ്ധ പരിശീലനം. 8281771212 എന്ന നമ്പറിൽ വിളിച്ചാൽ കുടുംബശ്രീയുടെ ടാറ്റാ ഇൻഡിക്ക ടാക്സി ലഭിക്കും. വനിതാ യാത്രക്കാർക്കും വനിതകളോടുകൂടി കുടുംബസഹിതം എത്തുന്ന പുരുഷയാത്രക്കാർക്കും കുടുംബശ്രീ ട്രാവൽസിൽ യാത്ര ചെയ്യാനാകും.

പ്രധാനമായും ഇൻഫോപാർക്ക്, എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് നിലവിൽ ടാക്സി സർവീസ് നടത്തുക. രാത്രി എട്ടു മണി വരെ കുടുംബശ്രീ ട്രാവൽസിൽ യാത്ര ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. ഉദ്യോഗസ്ഥരായ സ്ത്രീകൾ, വിദ്യാർത്ഥിനികൾ, നഗരത്തിൽ വിവിധ ആവശ്യങ്ങൾക്കായി തനിച്ചെത്തുന്ന സ്ത്രീകൾ എന്നിവർക്ക് സുരക്ഷിതമായി യാത്ര ചെയ്യാനാകുമെന്നതാണ് കുടുംബശ്രീ ട്രാവൽസിന്റെ പ്രത്യേകത.

സമാനരീതിയിൽ കഴിഞ്ഞ വർഷം തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതി ഇന്നു വിജയത്തിന്റെ പാതയിൽ ഏറെ മുന്നേറിക്കഴിഞ്ഞു.

# കുടുംബശ്രീയുടെ നേതൃത്വത്തിൽ പട്ടികവർഗ കലാമേള സംഘടിപ്പിച്ചു



*പാലക്കാട് ജില്ലാതല പട്ടികവർഗ കലാമേള സംസ്ഥാന വനിതാ കമ്മീഷൻ അംഗം കെ.എ തുളസി ഉദ്ഘാടനം ചെയ്യുന്നു*

ദാരിദ്ര്യനിർമാർജന പ്രവർത്തനമേഖലകൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ പാലക്കാട് ജില്ലാമിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പട്ടികവർഗ കലാമേള സംസ്ഥാന വനിതാ കമ്മീഷൻ അംഗം കെ.എം. തുളസി ഉദ്ഘാടനം ചെയ്തു. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി. ഉണ്ണിക്കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.

പട്ടികവർഗ കുടുംബങ്ങൾക്കാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അവരെ പൂർണമായും കുടുംബശ്രീ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനുമായാണ് പട്ടികവർഗ കലാമേള സംഘടിപ്പിച്ചത്.

ആദിവാസി മേഖലയിലെ കുട്ടികൾക്ക് മികച്ച രീതിയിൽ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് അവരുടെ മാതാപിതാക്കൾ മുന്നോട്ടു വരണമെന്നും ഇന്നത്തെ കാലഘട്ടത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ചും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനെകുറിച്ചും സമൂഹം ബോധവാൻമാരാകണമെന്നും വനിതാ കമ്മീഷൻ അംഗം കെ.എം.തുളസി പറഞ്ഞു.

സ്ത്രീകളെ പൊതുവേദിയിലേക്ക് കൊണ്ടുവരുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും സ്ത്രീകൾക്ക് വരുമാനദായകമായ വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചും അവർ വിശദീകരിച്ചു.

തുടർന്ന് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള പട്ടികവർഗ വിഭാഗക്കാരും ബാലസഭാ അംഗങ്ങളും പരമ്പരാഗത ആദിവാസി നൃത്തം, കൊട്ടും ആട്ടും, കല്യാണപ്പാട്ട്, പേപ്പാട്ട്, കുമ്മിയടി, നാടൻപാട്ട് തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിച്ചു.

കലാപരിപാടികളിൽ പങ്കെടുത്ത എല്ലാ ടീം അംഗങ്ങൾക്കും പ്രോത്സാഹന സമ്മാനങ്ങളും വിജയിച്ച ടീമിന് പ്രത്യേക പാരിതോഷികവും നൽകി.

ജില്ലാമിഷൻ അസി.കോ-ഓർഡിനേറ്റർ എ.മൊയ്തീൻ സ്വാഗതവും പട്ടികവർഗ അനിമേറ്റർ അജീഷ് നന്ദിയും പറഞ്ഞു.

## ഇന്ന് ഞാൻ...



# ധന്യമീ കുടുംബശ്രീ ജീവിതം

ഞാൻ വി.കെ. തങ്കം. തൃശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ രണ്ടാംവാർഡിലെ ജനനി കുടുംബശ്രീ യൂണിറ്റിലെ അംഗവും സി.ഡി.എസ് വൈസ് ചെയർപേഴ്സണുമാണ്.

ഒരിക്കൽ കുടുംബശ്രീ അംഗങ്ങൾക്ക് കൃഷിയും ഭക്ഷ്യസുരക്ഷയും എന്ന വിഷയത്തെ ആസ്പദമാക്കി കൃഷി ഓഫീസർ നടത്തിയ ക്ലാസിൽ ഞാനും പങ്കെടുത്തു. അതിനു ശേഷം യൂണിറ്റംഗങ്ങളുമായി ചേർന്നു കൊണ്ട് കൃഷി തുടങ്ങി. നല്ല വരുമാനം കിട്ടിയതോടെ പച്ചക്കറി ഉല്പാദന യൂണിറ്റായി മാറി. അതോടൊപ്പം കറിപ്പൊടികൾ, സോപ്പ്, സോപ്പുപൊടി എന്നിവയും ഉൽപാദിപ്പിച്ചു. ഒരുൽപന്നവും പുറത്തുകൊണ്ടുപോയി വിൽക്കേണ്ടിവന്നില്ല. കാരണം എല്ലാ ഉൽപന്നങ്ങളും യൂണിറ്റിലെ 16 അംഗകുടുംബങ്ങളും വാങ്ങി ഉപയോഗിക്കണമെന്ന് ഞാൻ നിർബന്ധമാക്കി. ഇതോടെ മറ്റു യൂണിറ്റുകാരും നാട്ടുകാരും ജനനി ഉൽപന്നങ്ങൾ വാങ്ങി ഉപയോഗിക്കാൻ തുടങ്ങി. പല യൂണിറ്റുകാരും ഇത് മാതൃകയാക്കുകയും ചെയ്തു. അതുകൊണ്ടു തന്നെ പല വാർഡുകളിലും പ്രാദേശിക ഉൽപന്നങ്ങളുടെ ഒരു ഉപഭോഗസംസ്കാരം വളർത്തിയെടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. മാത്രമല്ല ചെറിയ സംരംഭങ്ങളിലൂടെ വരുമാനമാർഗം കണ്ടെത്താനും അതുമൂലം ദാരിദ്ര്യത്തെ ഗണ്യമായി കുറയ്ക്കാനും സാധിച്ചു. ഇത് കുടുംബശ്രീ പ്രവർത്തനം മൂലമുണ്ടായ സുപ്രധാന അനുഭവ നേട്ടങ്ങളാണ്.

എ.ഡി.എസ് സെക്രട്ടറിയായതിനു ശേഷം നിരവധി ബോധവൽക്കരണ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിഞ്ഞതോടെ വാർഡിലെ മുഴുവൻ കുടുംബശ്രീ പ്രവർത്തകരെയും ചേർത്തുനിർത്തി ഗ്രാമസഭകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി. പത്താമത് കുടുംബശ്രീ വാർഷികാഘോഷത്തിൽ ഏറ്റവും നല്ല എഡിഎസ് പ്രവർത്തനത്തിനുള്ള പുരസ്കാരം എന്റെ വാർഡിന് ലഭിച്ചത് ഞങ്ങളുടെ ആത്മവിശ്വാസം ഇരട്ടിപ്പിച്ചു.

സിഡിഎസ് സ്ഥാനത്തേക്ക് വന്നപ്പോൾ ബാലസഭയുടെ കൺവീനറായി ചുമതല ലഭിച്ചതോടെ പരസഹായമില്ലാതെ യോഗങ്ങൾ കൂടാനും യോഗനടപടികൾ കൃത്യമായി മിനിറ്റ്സിൽ രേഖപ്പെടുത്താനും കുട്ടികളെ പ്രാപ്തരാക്കുകയാണ് ഞാനാദ്യം ചെയ്തത്. കഥ, കവിത, ഉപന്യാസ രചന, ചിത്രരചന എന്നിവ നടത്തി കുട്ടികളുടെ സർഗശേഷി വളർത്താനുള്ള അവസരമൊരുക്കിയതു കൂടാതെ സാമൂഹ്യ ഉത്തരവാദിത്വങ്ങളെ കുറിച്ചും പരിശീലനം നൽകി. ഇതിനായി പഞ്ചായത്തുതല ശുചീകരണ പരിപാടികളിൽ പങ്കെടുത്തു. കൂടാതെ പഞ്ചായത്തിന്റെ 20 വാർഡുകളിലും സർവേ നടത്തി ഒരു സചിത്ര ജൈവവൈവിധ്യ റിപ്പോർട്ട് തയ്യാറാക്കുകയും അതുമായി



**വി.കെ. തങ്കം**

ബന്ധപ്പെട്ട് ഒരു മികച്ച ഡോക്യുമെന്ററി തയ്യാറാക്കാനും സാധിച്ചു. എസ്.എൻ പുരം കുടുംബശ്രീ ബാലപഞ്ചായത്തിനെ സംസ്ഥാനത്തിലെ മാതൃക ബാലപഞ്ചായത്തായി തെരഞ്ഞെടുക്കുകയും ചെയ്തു. അതോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ചു.

ഒരിക്കൽ തൊഴിലുറപ്പുകാർ വൃത്തിയാക്കിയ ഒരു കുളത്തിലെ തെളിഞ്ഞ വെള്ളം കണ്ടപ്പോൾ മുങ്ങാംകുഴിയിട്ടും നീന്തിയും കുളിക്കുന്നത് കേട്ടറിഞ്ഞു മാത്രം വളർന്ന കുടുംബശ്രീ ബാലസഭാംഗങ്ങൾക്ക് അതിലിറങ്ങി കുളിക്കണമെന്ന് മോഹം തോന്നി. കുട്ടികൾ കുളിക്കാനായി കുളത്തിലിറങ്ങി. ഇതിനിടെ കുട്ടികൾ കുളിക്കുന്ന ദൃശ്യങ്ങൾ കുളത്തിനരികിലുള്ള ഒരു പഴയ മോട്ടോർഷെഡിൽ നിന്നുകൊണ്ട് ഒരാൾ മൊബൈൽ ഫോണിൽ പകർത്തുന്നതു കണ്ട് കുട്ടികൾ ബഹളം വച്ചു. ഇതോടെ പരിസരവാസികൾ ഓടിയെത്തി അയാളെ പിടി കൂടി. കയ്യിലെ മൊബൈൽ ഫോൺ നാട്ടുകാർ പിടിച്ചുവാങ്ങിയ ശേഷം എന്നെ വിവരം അറിയിച്ചു. ഉടൻ തന്നെ പോലീസിൽ വിവരം അറിയിക്കാൻ ഞാൻ അവരോട് പറഞ്ഞു. അവർ ഉടൻ തന്നെ പോലീസിൽ വിവരമറിയിക്കുകയും പോലീസെത്തി പ്രതിയെ കയ്യോടെ പിടിക്കുകയും ചെയ്തു.

രണ്ട് ദിവസം കഴിഞ്ഞ് ഞാൻ നാട്ടിലെത്തി. സംഭവസ്ഥലത്ത് ചെന്ന് വിവരങ്ങൾ ചോദിച്ചറിഞ്ഞു. കുട്ടികൾ ഭയന്നുവിറച്ച് സ്കൂളിൽ പോകാതെ വീട്ടിനുള്ളിൽ തന്നെ കഴിയുകയായിരുന്നു. കുട്ടികളെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കി ധൈര്യം പകർന്നുകൊടുത്തുകൊണ്ട് അവരെ സ്കൂളിലെത്തിച്ചു.. പ്രതിയെ കൈയ്യോടെ പിടികൂടിയിട്ടും കാര്യമായ ചോദ്യംചെയ്യലോ മറ്റു നടപടികളോ ഒന്നുംതന്നെ ഉണ്ടായില്ല ഈ അനീതി കണ്ട് അടങ്ങിയിരിക്കാൻ എനിക്ക് കഴിഞ്ഞില്ല. ഞാൻ കൊടുങ്ങല്ലൂർ സി.ഐയ്ക്ക് നേരിട്ട് പരാതി നൽകി. മൂന്നു ദിവസത്തിനകം സി.ഐ പ്രതിയെ പിടിക്കുകയും അർഹമായ ശിക്ഷ വാങ്ങിക്കൊടുക്കുകയും ചെയ്തു. സി.ഐ എന്നോടു പറഞ്ഞു നിങ്ങളെപ്പോലെയുള്ളവരാണ് ഈ സമൂഹത്തിനാവശ്യം. അദ്ദേഹം അന്ന് എന്നെ ഒരുപാട് പ്രശംസിച്ചു.

ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് ജനങ്ങളിൽ നിന്ന് എനിക്കുണ്ടായ സ്നേഹവും ബഹുമാനവും സഹകരണവും കണ്ട് മതിപ്പുതോന്നിയത് കൊണ്ടാവാം എന്റെ മകനും ഇന്ന് കുടുംബശ്രീ പ്രവർത്തകനായി മാറി. കഴിഞ്ഞ നാല് വർഷമായി കുടുംബശ്രീ ജില്ലാമിഷനിൽ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റായി ജോലി ചെയ്യുകയാണ് എന്റെ മകൻ.

**തൃശൂരിലെ എസ്.എൻ പുരം ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിലെ ജനനി കുടുംബശ്രീ യൂണിറ്റിലെ അംഗവും സി.ഡി.എസ് വൈസ് ചെയർപേഴ്സണുമായ വി.കെ.തങ്കത്തിന്റെ വിജയാനുഭവ കഥയിൽ നിന്ന്**

# കഫേ കുടുംബശ്രീ: യൂണിറ്റ് അംഗങ്ങൾക്ക് പരിശീലനം നൽകി



രുചിവൈവിധ്യങ്ങളുടെ നേരനുഭവമായി മാറിയ കഫേ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കണ്ണൂർ ജില്ലയിലും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ പ്രവർത്തകർക്കായി രണ്ടാഴ്ചത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു.

കാഞ്ഞിരങ്ങാട് ഇൻഡോർ പാർക്കിൽ തുടക്കം കുറിച്ച പരിശീലന പരിപാടി കില ഡയറക്ടർ ഡോ.പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എം.വി. പ്രേമരാജൻ അധ്യക്ഷത വഹിച്ചു.

കാന്റീൻ ആൻഡ് കാറ്ററിംഗിൽ താൽപര്യമുള്ള പ്രവർത്തകരെ കണ്ടെത്തി കുടുംബശ്രീയുടെ നേതൃത്വത്തിൽ തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐഫ്രത്തിന്റെ സഹായത്തോടെയാണ് പരിശീലനം നൽകുന്നത്.

തളിപ്പറമ്പ്, തലശേരി നഗരസഭകളിലെയും മാട്ടൂൽ, കുഞ്ഞിമംഗലം, പട്ടുവം, പരിയാരം പഞ്ചായത്തുകളിൽ നിന്നുള്ള 50 വനിതകളാണ് പരിശീലനത്തിൽ പങ്കെടുത്തത്

ഓരോ ഗ്രൂപ്പിലെയും അഞ്ച് വനിതകൾക്ക് വ്യക്തിത്വ വികസനം, ഹോട്ടൽ മാനേജ്മെന്റ്, വിവിധ ഭക്ഷണ വിഭവങ്ങൾ ഉണ്ടാക്കാനുള്ള പരിശീലനം എന്നിവയാണ് രണ്ടാഴ്ചത്തെ പരിശീലനത്തിൽ നൽകിയത്. പരിശീലനത്തിന്റെ സമാപനത്തോടനുബന്ധിച്ച് കണ്ണൂരിൽ ഭക്ഷ്യമേള സംഘടിപ്പിക്കും.

ഉദ്ഘാടന സമ്മേളനത്തിൽ അസി.കോ-ഓർഡിനേറ്റർ ടി. ഷാഹുൽ ഹമീദ്, എം.ആർ. ദയൻ, കെ. റീജ എന്നിവർ പ്രസംഗിച്ചു.

## കുടുംബശ്രീ വനിതാ ഹോസ്റ്റൽ

ഒന്നാം പേജിൽ നിന്നും തുടർച്ച ⇨



മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. എക്സാത്ത് പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടനം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കെ.കെ മുഹമ്മദ് ഫൈസൽ നിർവഹിച്ചു.

കോർപ്പറേഷൻ പ്രതിപക്ഷ നേതാവ് എം.ടി പത്മ, കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗം എസ്.പി കുഞ്ഞഹമ്മദ്, കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം ജീജ ദാസ്, നഗരാസൂത്രണ സ്ഥിരം സമിതി ചെയർപേഴ്സൺ ടി.രജനി, കോർപ്പറേഷൻ അംഗം അബ്ദുള്ള കോയ, കുടുംബശ്രീ മെമ്പർ സെക്രട്ടറി എം.വി റംസി ഇസ്മയിൽ, ജില്ലാമിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ അബ്ദുൾ സലാം, കോർപ്പറേഷൻ സി.ഡി.എസ് ചെയർപേഴ്സൺമാരായ ഷീജ പി.പി, ഷീജ വിനോദ്, ബീന കെ, സിയസ്കോ പ്രസിഡന്റ് എം.പി മുഹമ്മദാലി എന്നിവർ പ്രസംഗിച്ചു.

ഏക്സാത് ട്രെയിനിംഗ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. സെക്രട്ടറി സന്ദീപ് സ്വാഗതവും ജോയിന്റ് സെക്രട്ടറി വിനീത ടി.ഇ നന്ദിയും പറഞ്ഞു.

# കുടുംബശ്രീ വനിതാ കർഷകർക്ക് വിവര വിനിമിയവുമായി ആക്സസ്



*കുടുംബശ്രീ-കേരള കാർഷിക സർവകലാശാല അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വയനാട്ടിൽ നടപ്പാക്കുന്ന ആക്സസ്പദ്ധതിയുടെ ഉദ്ഘാടനം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി നിർവഹിക്കുന്നു*

വയനാട് ജില്ലയിൽ കുടുംബശ്രീ വനിതാ കർഷകർക്ക് കാർഷിക സാങ്കേതിക സാക്ഷരതക്കായി സൈബർ അധിഷ്ഠിത വിവരവിനിമയ സംവിധാനം നടപ്പാക്കുന്നു. കുടുംബശ്രീ ജില്ലാ മിഷനും കേരള കാർഷിക സർവ്വകലാശാലയുടെ അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രവും (കെ.വി.കെ) സംയുക്തമായാണ് വനിതാ കർഷകർക്ക് നൂതന വിവരങ്ങൾ വിരൽതുമ്പിൽ ലഭ്യമാക്കുന്ന പദ്ധതിയായ ആക്സസ് നടപ്പാക്കുന്നത്.

ആക്സിലറേറ്റിംഗ് സസ്റ്റൈനബിലിറ്റി ത്രു സിനർജി പദ്ധതി മുഖേന അനുദിനം കാർഷിക വേലകളിൽ രൂപപ്പെടുന്നതും കണ്ടെത്തുന്നതുമായ നൂതനാശയങ്ങൾ, സാങ്കേതിക വിദ്യകൾ എന്നിവ കൃഷിയിലേർപ്പെടുന്ന വനിതാ കർഷകരുടെ വിരൽ തുമ്പിലെത്തിക്കുകയാണ് സൈബർ എക്സ്റ്റൻഷൻ പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാനത്ത് കോഴിക്കോട്, വയനാട് ജില്ലകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്. ഇതിനായുള്ള ഒന്നാംഘട്ട പരിശീലനം മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി) ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് നൽകി.

115 കുടുംബശ്രീ സി.ഡി.എസുകളുടെ നേതൃത്വത്തിൽ നടത്തുന്ന സംഘകൃഷിക്കാർക്കാണ് ആക്സസ് പദ്ധതിയുടെ ഗുണം ലഭിക്കുക. കാലാവസ്ഥാ വ്യതിയാനം, കുടുംബശ്രീ വനിതാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ, വിളകൾക്കുണ്ടാകുന്ന രോഗങ്ങൾ, നല്ലയിനം വിത്ത് തിരഞ്ഞെടുക്കൽ, കീടനാശിനി പ്രയോഗം, വളപ്രയോഗം, ജലസേചനം, പരിചരണം, യന്ത്രോപകരണങ്ങളുടെ ഉപയോഗം, ഭൂമി വിളയിറക്കാനായി സജ്ജമാക്കൽ തുടങ്ങിയവയിൽ പ്രത്യേകം പരിശീലനം എന്നിവ ഇതിന്റെ ഭാഗമായി നൽകും. കാർഷിക കലണ്ടർ തയാറാക്കൽ, സംശയ നിവാരണം, കാർഷിക രംഗത്ത് കണ്ടെത്തുന്ന നൂതനാശയങ്ങൾ എന്നിവ ജനകീയവൽകരിക്കാനും, കർഷകർക്ക് പരിചയപ്പെടുത്താനും ആക്സസിലൂടെ സാധിക്കും.

ജില്ലകളിലെ സംഘകൃഷിക്കാർക്കും മറ്റു വനിതാ കർഷകർക്കും കുടുംബശ്രീ മാസ്റ്റർ കർഷകർ മുഖേനയാണ് വിവരങ്ങൾ എത്തിക്കുക. വനിതാ കർഷകർക്ക് നേരിട്ടും ഇമെയിൽ മുഖേനയും വിവരങ്ങൾ എത്തിക്കും. കുടുംബശ്രീ സി.ഡി.എസ്, എം.കെ.എസ്.പി ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, മാസ്റ്റർ കർഷകർ, സംഘകൃഷിക്കാർ എന്നിവർക്ക് പ്രത്യേകമെയിൽ ഗ്രൂപ്പുണ്ടാക്കി വിവരങ്ങൾ ലഭ്യമാക്കും. കെ.വി.കെ കേന്ദ്രീകരിച്ചാണ് വിവരങ്ങൾ യഥാസമയം വനിതാ കർഷകർക്ക് എത്തിക്കുക.

ആക്സസ് പദ്ധതിയുടെ ഉദ്ഘാടനം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ..ബി വത്സലകുമാരി നിർവഹിച്ചു. കെ.വി.കെ മേധാവി ഡോ. എ രാധമ്മ പിള്ള അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് പ്രൊഫസർ ഡോ. പി.കെ അബ്ദുൾ ജബ്ബാർ പദ്ധതി വിശദീകരണം നടത്തി.

കോഴിക്കോട് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.കെ മുഹമ്മദ് ഫൈസൽ, വയനാട് ജില്ലാമിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാരായ കെ.കെ. മുംതാസ് കാസിം, കെ. അബദുൾ സലാം, കൺസൾട്ടന്റുമാരായ പി.കെ. സുഹൈൽ, അബദുൾ നിസാർ കെ.എം എന്നിവർ പ്രസംഗിച്ചു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.പി. മുഹമ്മദ് സ്വാഗതവും അരുൺ നന്ദിയും പറഞ്ഞു.

## കഫേ കുടുംബശ്രീ: വനിതകൾക്ക് പരിശീലനം



*പരിശീലനം നേടിയ കഫേ കുടുംബശ്രീ അംഗങ്ങൾ മലപ്പുറത്ത് ഭക്ഷ്യമേള നടത്തുന്നു*

കുടുംബശ്രീ വനിതകൾക്ക് ഭക്ഷ്യ ഉൽപന്നങ്ങൾ നിർമിക്കുന്നതിൽ പരിശീലനം നൽകി. കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും (കിറ്റ്സ്) സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്.

മഞ്ചേരി, പൊന്നാനി, മലപ്പുറം എന്നിവിടങ്ങളിൽനിന്നു തിരഞ്ഞെടുത്ത 420 അയൽക്കൂട്ട അംഗങ്ങൾക്കാണ് 48 ദിവസത്തെ പരിശീലനം നൽകിയത്. 300 പേർക്ക് ഹൗസ് കീപ്പിങ്ങിലും 120 പേർക്ക് ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിലും പരിശീലനം നൽകി. ഇതോടെ ജില്ലയിൽ വിദേശ, ഉത്തരേന്ത്യൻ, കേരളീയ രുചിക്കൂട്ടുകളും വിഭവങ്ങളുമായി കുടുംബശ്രീ വനിതകൾ ഭക്ഷ്യ ഉൽപാദന രംഗത്ത് കൂടുതൽ ശ്രദ്ധേയമായ മുന്നേറ്റം നടത്തുകയാണ്.

പരിശീലനത്തിന്റെ സമാപനദിവസം ടൗൺഹാളിൽ സംഘടിപ്പിച്ച ഭക്ഷ്യമേള മലപ്പുറം നഗരസഭ ചെയർമാൻ കെ.പി മുഹമ്മദ് മുസ്തഫ ഉദ്ഘാടനം ചെയ്തു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഹമ്മദ് ഇസ്മായിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

കിറ്റ്സ് അസോസിയേറ്റ് പ്രൊഫസർ ബാബു രംഗരാജ്, ഇ.ഒ അബ്ദുൽ നാസർ എന്നിവർ സംബന്ധിച്ചു. സി.പി നഫീസ സ്വാഗതവും സോഷ്യൽ ഡെവലപ്മെന്റ് ഓഫീസർ എം ഹാസിഫ് നന്ദിയും പറഞ്ഞു.

### ജൈവക്കൃഷിയിൽ പെൺകൂട്ടായ്മയുടെ മുന്നേറ്റം

# കുടുംബശ്രീ സംഘക്കൃഷിയിലൂടെ തെന്നലയ്ക്ക് ഹരിതസമൃദ്ധി

## കുടുംബശ്രീ തെന്നല റൈസിന് വൻ ഡിമാൻഡ്



*കുടുംബശ്രീയുടെ കീഴിൽ തെന്നല ഗ്രാമപഞ്ചായത്തിലെ സംഘക്കൃഷി ഗ്രൂപ്പുകൾ ഉൽപാദിപ്പിച്ച അരി പായ്ക്കു ചെയ്യുന്ന യൂണിറ്റ് അംഗങ്ങൾ*

നാടിന്റെ കാർഷിക സമൃദ്ധി വീണ്ടെടുക്കാൻ കുടുംബശ്രീ സംഘക്കൃഷി അംഗങ്ങൾ ജൈവക്കൃഷിയുമായി മുന്നിട്ടിറങ്ങിയപ്പോൾ തിരിച്ചുകിട്ടിയത് നൂറുമേനി വിളവ്. ഒപ്പം കൊയ്തെടുത്ത നെല്ല് കുത്തി അരിയാക്കി തെന്നല റൈസ് എന്ന പേരിൽ വിപണനോദ്ഘാടനം നടത്തിയ ദിവസം തന്നെ പാതിയിലധികം അരിയും വിറ്റുപോയതിന്റെ ആഹ്ളാദവും.

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സൺ യാസ്മിൻ അരിമ്പ്രയുടെ നേതൃത്വത്തിൽ കുടുംബശ്രീ സി.ഡി.എസിനു കീഴിലെ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെട്ട വനിതകൾ ചേർന്നു രൂപീകരിച്ച കാർഷിക സംഘങ്ങളാണ് വയലേലകളിൽ വിജയഗാഥ രചിച്ചത്. രാസവളങ്ങൾ ഉപയോഗിക്കാതെ തികച്ചും ജൈവവളങ്ങൾ മാത്രമുപയോഗിച്ചുകൊണ്ടു ചെയ്ത നെൽക്കൃഷിയുടെ വിജയം തെന്നല ഗ്രാമത്തിനു മുഴുവൻ അഭിമാനമാവുകയായിരുന്നു.

നാടിന്റെ ഭക്ഷ്യസുരക്ഷക്ക് ഉറപ്പേകുന്ന വിധം പരമ്പരാഗത നെൽക്കൃഷിയെ ഉപയോഗപ്പെടുത്തിയതിലും ഉൽപാദിപ്പിച്ച അരിക്ക് മികച്ച രീതിയിൽ ബ്രാൻഡിംഗും വിപണിയും കണ്ടെത്താൻ കഴിഞ്ഞതിലുമാണ് തെന്നല കുടുംബശ്രീ കാർഷിക കൂട്ടായ്മയുടെ വിജയം. കാനറാ ബാങ്ക്, തെന്നല സർവീസ് സഹകരണ ബാങ്ക് എന്നിവയുടെ സഹകരണത്തോടെ കാർഷിക വായ്പ ഉറപ്പു വരുത്തിക്കൊണ്ടാണ് വനിതകളുടെ നെൽക്കൃഷിയുടെ തുടക്കം. എഴുപത് ലക്ഷം രൂപയുടെ വായ്പയാണ് കൃഷിക്കായി ലഭിച്ചത്. കുടുംബശ്രീയിൽ നിന്നുള്ള പലിശ സബ്സിഡി കൂടി ഇതിലേക്ക് അനുവദിച്ചതോടെ പലിശരഹിത വായ്പയുടെ പ്രയോജനവും ഗുണഭോക്താക്കൾക്ക് ലഭിച്ചു. മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ ഭാഗമായി വനിതാകർഷകർക്ക് കാർഷിക-സാങ്കേതിക മേഖലകളിലെ വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ കഴിഞ്ഞതിലൂടെ നെൽക്കൃഷിയെ സംബന്ധിച്ച് കൂടുതൽ അറിവുകൾ നേടാൻ കഴിഞ്ഞു. ഈ അറിവുകൾ പാഴ്ചെലവുകൾ കുറയ്ക്കുന്നതിനും ഫലപ്രദമായ രീതിയിൽ കൃഷി നടത്തുന്നതിനും വനിതകൾക്ക് ഏറെ സഹായകമായി. കൂടാതെ കാർഷിക മേഖലയിൽ വിജയം വരിച്ച കർഷകരുടെ കൃഷിയിടങ്ങൾ നേരിട്ടു കാണുന്നതിനും വ്യത്യസ്തമായ കാർഷികരീതികൾ പഠിക്കുന്നതിനും അവസരം ലഭ്യമാക്കി.



*മലപ്പുറം ജില്ലയിലെ തെന്നലയിൽ സംഘക്കൃഷി അംഗങ്ങൾ പാടത്ത് കൊയ്ത്തു നടത്തുന്നു*

തെന്നല കുടുംബശ്രീക്കു കീഴിൽ 90 വനിതാ കർഷക ഗ്രൂപ്പുകളാണുള്ളത്. 240 ഏക്കർ തരിശായി കിടന്നിരുന്ന സ്ഥലം പാട്ടത്തിനെടുത്ത് കൃഷിയോഗ്യമാക്കിയാണ് ഇവർ കൃഷി ചെയ്തത്. പാടശേഖരങ്ങളിൽ മുഴുവൻ ചതുപ്പ് നിറഞ്ഞിരുന്നതുകൊണ്ട് യന്ത്രങ്ങൾ ഇറക്കിയാൽ താഴ്ന്നു പോകുന്ന അവസ്ഥയായിരുന്നു. പലയിടത്തും യന്ത്രങ്ങൾ പാടത്തിറക്കാനുള്ള സൗകര്യം പോലുമുണ്ടായിരുന്നില്ല. കൃഷി ചെയ്യാനുള്ള അനുകൂല സാഹചര്യങ്ങളും തീരെ കുറവായിരുന്നു. അതുകൊണ്ട് യന്ത്രങ്ങളുടെ സഹായമില്ലാതെ തന്നെ കൃഷിയിറക്കാൻ തീരുമാനിക്കുകയായിരുന്നു.

കാടുമൂടിയ തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനും വരമ്പിടാനുമെല്ലാം തൊഴിലുറപ്പ് പദ്ധതി പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടാണ് തെന്നലയിലെ കുടുംബശ്രീ വനിതകൾ കൃഷിയിൽ സജീവമായത്. യന്ത്ര സംവിധാനങ്ങളുടെ സഹായമില്ലാതെ കൃഷി സംബന്ധമായ മുഴുവൻ ജോലികളും ചെയ്തത് വനിതാ കർഷകർ തന്നെയാണ്. പൂർണമായും ജൈവവളങ്ങൾ മാത്രം ഉപയോഗിച്ചായിരുന്നു കൃഷി.

ഉത്സവം പോലെ ആഘോഷപൂർണമായ വിളവെടുപ്പിൽ 240 ടൺ നെല്ലാണ് കർഷകർ കൊയ്തുകൂട്ടിയത്. ഈ നെല്ല് കുടുംബശ്രീ സി.ഡി.എസ് മെമ്പർമാരായ മാസ്റ്റർ കർഷകർ മുഖേന സംഭരിച്ച് സ്വകാര്യ മില്ലിൽ കുത്തി അരിയാക്കി. ഗുണമേൻമയുള്ള ശുദ്ധമായ അരിക്ക് പ്രാദേശികമായി തന്നെ മികച്ച രീതിയിൽ വിപണി കണ്ടെത്താനാകുമെന്ന് തിരിച്ചറിഞ്ഞതോടെ പല വിധത്തിലുള്ള ഉൽപന്നങ്ങളാക്കി വിൽക്കാമെന്ന് കർഷകർ തീരുമാനിക്കുകയായിരുന്നു. ഇതിനായി അരി തരംതരിച്ചു. ഒരു കിലോ തവിടു കളയാത്ത അരിക്ക് മുപ്പത്തഞ്ച് രൂപയ്ക്കാണ് വിറ്റഴിച്ചത്. അരിയോടൊപ്പം ഉണങ്ങലരി, പായസം അരി, അരിപ്പൊടി എന്നിവയും വിപണിയിലിറക്കി. കുടുംബശ്രീ അംഗങ്ങളുടെ തന്നെ നേതൃത്വത്തിലാണ് വിപണനവും. ജൈവവളം മാത്രം ഉപയോഗിച്ചു കൃഷി ചെയ്ത നെല്ലരി ആയതിനാൽ ഉപഭോക്താക്കളുടെ വിശ്വാസമാർജിക്കാൻ കഴിഞ്ഞതും വിപണനത്തെ ഏറെ സഹായിച്ചു.

ഉമ, ജ്യോതി, ഐശ്വര്യ എന്നീ നെല്ലിനങ്ങളെ കൂടാതെ 200 ഏക്കറിൽ വിവിധ പച്ചക്കറികളും കൃഷി ചെയ്തിരുന്നു. ഈയിനത്തിൽ മാത്രം ഒരു കർഷകക്ക് 20000 രൂപ വരുമാനമുണ്ട്. കൃഷി ലാഭകരമല്ലെന്നു പറഞ്ഞ് പലരും ഈ മേഖലയിൽ നിന്നു പിൻവാങ്ങുകയാണ്. എന്നാൽ ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിക്കാതിരുന്നിട്ടു കൂടി തികച്ചും ലാഭകരമായ രീതിയിൽ കൃഷി നടത്താൻ കഴിഞ്ഞതാണ് തങ്ങളുടെ നേട്ടമെന്ന് സി.ഡി.എസ് ചെയർപേഴ്സൺ യാസ്മിൻ അരിമ്പ്ര പറയുന്നു. ഈ സാമ്പത്തിക വർഷം ഒരു മില്ല് കൂടി തുടങ്ങാനും കൂടുതൽ സ്ഥലത്ത് കൃഷിയിറക്കാനുമാണ് യാസ്മിൻ അരിമ്പ്രയുടെ നേതൃത്വത്തിലുള്ള പെൺകൂട്ടായ്മയുടെ തീരുമാനം. കൂടാതെ സ്ഥിരമായ വിപണി കണ്ടെത്താൻ കഴിയുന്ന ഒരുൽപന്നമായി തെന്നല റൈസിനെ മാറ്റിയെടുക്കാനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

തെന്നലയിലെ കുടുംബശ്രീ വനിതകളുടെ ഇച്ഛാശക്തി കൊണ്ടു നേടാനായത് കൃഷിയിലെ വിജയം മാത്രമല്ല. കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്ന മറ്റൊരു കാഴ്ച കൂടി ഇന്ന് തെന്നലയിൽ കാണാനാകും. കുടുംബശ്രീ സംഘക്കൃഷി വിജയിച്ചതോടെ മുമ്പ് പാടത്തിറങ്ങി പണിയെടുക്കാൻ മടിച്ചിരുന്ന ഒട്ടനവധി സ്ത്രീകളാണ് ഇന്ന് സന്തോഷത്തോടെ വയലിൽ കൃഷിപ്പണി ചെയ്യാൻ മുന്നോട്ടു വരുന്നത്. ഇവർ മണ്ണിനേയും കാർഷിക സംസ്കൃതിയേടും തിരിച്ചറിയുന്നു. സ്വന്തം മണ്ണിൽ നെല്ലും പച്ചക്കറിയും കൃഷി ചെയ്യാനുള്ള ആത്മവിശ്വാസവുമായി ഒട്ടേറെ വീട്ടമ്മമാർ ഈ പെൺകൂട്ടായ്മയ്ക്ക് പിന്തുണ നൽകുന്നു. ഇത്തരത്തിൽ കൃഷിയുടെ മഹത്വം തിരിച്ചറിഞ്ഞ് അതിലേക്ക് ഒരു സമൂഹത്തെ നയിക്കാൻ കഴിയുന്ന വിധം പ്രചോദനം നൽകുന്ന പ്രതീക്ഷാനിർഭരമായ ഒരു കാർഷിക മുന്നേറ്റം കൂടിയാണ് കുടുംബശ്രീയുടെ കീഴിലുള്ള ഈ പെൺകൂട്ടായ്മ നേടിയെടുത്തത്. അതുകൊണ്ടു തന്നെ തരിശു നിലങ്ങളിൽ ഹരിത സമൃദ്ധി നിറച്ച തെന്നലയിലെ കുടുംബശ്രീ സംഘക്കൃഷി ഗ്രൂപ്പുകൾക്ക് എല്ലായിടത്തു നിന്നും നിറഞ്ഞപ്രോത്സാഹനവും അഭിനന്ദനങ്ങളുമാണ് ലഭിക്കുന്നത്.

തെന്നലയിൽ നെൽക്കൃഷി കൂടുതൽ ഊർജിതമാക്കുന്നതിനും അതോടൊപ്പം തന്നെ കൃഷിയിലൂടെ സ്ഥിരംതൊഴിലും മികച്ച വരുമാനവും നേടാനുള്ള വനിതാകർഷകരുടെ എല്ലാ പ്രവർത്തനങ്ങൾക്കും സജീവമായ പിന്തുണയും പ്രോത്സാഹനവും നൽകി കുടുംബശ്രീ ജില്ലാമിഷൻ, തെന്നല ഗ്രാമപഞ്ചായത്ത്, കൃഷി വകുപ്പ് എന്നിവയുടെ അധികൃതരും ഒപ്പമുണ്ട്. കേരളത്തിന്റെ കാർഷിക പാരമ്പര്യം വീണ്ടെടുക്കുന്നതിനും നാടിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനും കുടുംബശ്രീക്ക് കരുത്തു നൽകുന്നതിൽ തെന്നല ഗ്രാമപഞ്ചായത്ത് മുഖ്യപങ്കു വഹിക്കുന്നു.

തെന്നല റൈസിന്റെ വിപണനോദ്ഘാടനം വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദു റബ്ബ് നിർവഹിച്ചു. തെന്നല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാതോലി നഫീസു അദ്ധ്യക്ഷത വഹിച്ചു. ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കായുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടനം അബ്ദു റഹിമാൻ രണ്ടത്താണി എം.എൽ.എ നിർവഹിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായുള്ള കുടുംബശ്രീ സ്നേഹിത-ജെൻഡർ കോർണറിന്റെ ഉദ്ഘാടനം കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗവും തിരൂർ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ എം.അബ്ദുള്ളക്കുട്ടി നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടും കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗവുമായ സുഹറ മമ്പാട് അദ്ധ്യക്ഷത വഹിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സല കുമാരി ആമുഖ പ്രഭാഷണം നടത്തി.

വേങ്ങര ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. സുലൈഖ, പെരുമണ്ണക്ളാരി പഞ്ചായത്ത് പ്രസിഡന്റ് സി.കെ.എ റസാഖ്, വേങ്ങര ബ്ളോക്ക് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.പി കുഞ്ഞിമൊയ്തീൻ, തെന്നല ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഷ്റഫ് തെന്നല, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ വി.അലി അക്ബർ, എം.പി മറിയാമു, തെന്നല സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് വി.എം.അബ്ദുൾ മജീദ്, കെ.ജി പത്മകുമാർ, അഫീസ് ഷാഫി, പി.സജയ്, എ.ടി അബ്ദുൾ സലാം, ബി.കെ.സൈതു, നഫീസ അരിമ്പ്ര, സി.പി നസീമ, മുക്കോയി ബാബുരാജ്, പി.ആലി ബാപ്പു ഹാജി, പി.പി. അഫ്സൽ, വി.കുഞ്ഞിമുഹമ്മദ്, സി.ഖദീജ, പി.ഷാഹിദ, സി.ഡി.എസ് ചെയർപേഴ്സൺ യാസ്മിൻ അരിമ്പ്ര എന്നിവർ പ്രസംഗിച്ചു.

## നഗരത്തിന് മൂന്നു നാൾ മധുരം നൽകി

# കുടുംബശ്രീയുടെ തേൻവരിക്ക ഫെസ്റ്റ്

## ആകെ വിറ്റുവരവ് 26,01,178 രൂപ



കുടുംബശ്രീ എറണാകുളം മറൈൻഡ്രൈവിൽ സംഘടിപ്പിച്ച തേൻവരിക്ക ഫെസ്റ്റ് പൊതുമരാമത്ത് വകുപ്പ് മന്ത്രി വി. കെ ഇബ്രാഹിം കുഞ്ഞ് നിർവഹിക്കുന്നു



കേരളത്തിന്റെ തനതു വിഭവമായ ചക്കകൊണ്ടുള്ള വിവിധ വിഭവങ്ങളൊരുക്കി കുടുംബശ്രീ കൊച്ചിയുടെ ഹൃദയം കവർന്നു. 2014 മെയ് 24 മുതൽ 27 വരെ എറണാകുളം മറൈൻഡ്രൈവ് മൈതാനിയിൽ സംഘടിപ്പിച്ച തേൻ വരിക്ക ഫെസ്റ്റിലാണ് സ്വാദിഷ്ഠവും വൈവിധ്യമാർന്നതുമായ എണ്ണമറ്റ വിഭവങ്ങളുമായി കുടുംബശ്രീ വനിതകൾ നഗരത്തിന്റെ മനം നിറച്ചത്.

ഗ്രാമീണകേരളത്തിന്റെ ഭക്ഷണശീലങ്ങളിൽ എന്നും ഉൾപ്പെട്ടിരുന്ന ചക്കയുടെ ഗൃഹാതുരത്വമുണർത്തുന്ന രുചിവൈവിധ്യങ്ങളെ ഒരിക്കൽക്കൂടി ഓർമ്മകളിലേക്ക് തിരികെയെത്തിക്കാനാണ് ചക്ക കൊണ്ടുള്ള വ്യത്യസ്തമായ ഭക്ഷ്യ വിഭവങ്ങളുടെ പ്രദർശനവും വിപണനവും ഉൾപ്പെട്ട തേൻവരിക്ക ഫെസ്റ്റ് സംഘടിപ്പിച്ചത്.

തേൻവരിക്കയിൽ നിന്നുള്ള പായസം, ചക്ക ബജി, ചക്ക അട, ചക്ക ജല്ലി, ചക്ക അച്ചാർ തുടങ്ങി രുചികരമായ വിഭവങ്ങളായിരുന്നു മേളയുടെ മുഖ്യ ആകർഷണം. അഞ്ചു രൂപ മുതൽ മുന്നൂറു രൂപ വരെയുള്ള വിഭവങ്ങളായിരുന്നു മേളയിൽ നിരന്നത്. ചക്കയുടെ പർപ്പിളിൽ നിന്നുണ്ടാക്കിയ സ്ക്വാഷ്, ചക്ക വരട്ടിയത്, ചക്കപ്പായസം, കുമ്പിളപ്പം തുടങ്ങിയ മധുര വിഭവങ്ങൾക്കൊപ്പം സ്പൈസി ഐറ്റങ്ങളും മേളയ്ക്ക് തിരക്കേറാൻ കാരണമായി.

ചക്കപ്പുഴുക്കും ചെമ്മീനും ചക്കക്കുരുവും ചേർത്ത മസാലക്കറിയുമാണ് മേള സന്ദർശിച്ചവരിൽ ഏറെയും ഇഷ്ടപ്പെട്ട വിഭവം. ഇതിനൊപ്പം ചക്ക വിഭവങ്ങൾ മാത്രം ചേർന്നുള്ള ഊണിനും ചക്ക ബിരിയാണിക്കും ചക്ക പപ്പടത്തിനും ഏറെ ആവശ്യക്കാരായിരുന്നു. ചക്ക എരിശ്ശേരി, ഇടിയൻചച്ച തോരൻ, അവിയൽ, ചക്കക്കുരു അച്ചാർ എന്നിവയായിരുന്നു ഊണിനൊപ്പമുള്ള ചക്ക വിഭവങ്ങൾ. സ്വാദിഷ്ഠമായ ചക്ക വിഭവങ്ങൾ കാണാനും രുചിച്ചറിയാനും നൂറു കണക്കിനാളുകളാണ് മേളയുടെ ഓരോ ദിവസവും മറൈൻഡ്രൈവിലേക്ക് എത്തിയത്. ചക്കയുടെ രുചി വൈവിധ്യം ജനങ്ങളിൽ എത്തിക്കാനും പോഷക സമൃദ്ധിയെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും മേളയിലൂടെ സാധിച്ചു.

### തേനൂറുന്ന ചക്കപ്പാട്ട്

മേളയോടനുബന്ധിച്ച് മൂന്നു ദിവസവും വ്യത്യസ്തമായ കലാപരിപാടികളാണ് അരങ്ങേറിയത്. അതിലേറ്റവും ആകർഷകമായിരുന്നു വിവിധ സി.ഡി.എസുകൾ അവതരിപ്പിച്ച ചക്കപ്പാട്ടു മത്സരം. ചക്ക കൊണ്ടുള്ള വിവിധ ഉൽപന്നങ്ങൾ, അതിന്റെ ഗുണങ്ങൾ, പോഷകമൂല്യം, എന്നിവ രസകരമായി വിവരിക്കുന്ന നാടൻ ശീലുകളോടെ ആലപിച്ച ചക്കപ്പാട്ടു മത്സരം മേളയിലെത്തിയവർക്ക് പുത്തൻ അനുഭവമായി. ജില്ലയിലെ ഒൻപത് ബ്ളോക്കുകളിൽ നിന്നായി ഒൻപത് ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. ഏഴിക്കര സി.ഡി.എസാണ് പാട്ടുമത്സരത്തിൽ വിജയം കൈയടക്കിയത്.



തേൻ വരിക്ക ഫെസ്റ്റിനെ കൂടുതൽ മധുരതരമാക്കാൻ കുടുംബശ്രീ സി.ഡി.എസുകളുടെയും ബാലസഭകളുടെയും നേതൃത്വത്തിൽ നിരവധി കലാപരിപാടികൾ അരങ്ങേറി. എല്ലാ ദിവസവും വൈകുന്നേരം നാലു മണി മുതൽ രാത്രി എട്ടു മണി വരെയാണ് പരിപാടികൾ സംഘടിപ്പിച്ചത്.

വിവിധ ബാലസഭകളിൽ നിന്നുള്ള അറുപതോളം കുട്ടികൾ പുതുമയാർന്ന കലാപരിപാടികൾ അവതരിപ്പിച്ച് കാണികളെ രസിപ്പിച്ചു.



കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവിൽ സംഘടിപ്പിച്ച തേൻവരിക്ക ഫെസ്റ്റിലെ ചക്ക വിഭവങ്ങൾ പ്രഫ. കെ.വി തോമസ് എം.പി രുചിച്ചു നോക്കുന്നു

### മൂന്ന് ദിവസം കൊണ്ട് നേടിയത് 26 ലക്ഷം

മൂന്നു ദിവസങ്ങളിലായി സംഘടിപ്പിച്ച തേൻവരിക്ക ഫെസ്റ്റിൽ നിന്നും യൂണിറ്റുകൾ നേടിയത് 26,01,178 രൂപ. തേൻ വരിക്ക ഫെസ്റ്റിൽ പങ്കെടുത്ത പതിനെട്ടു കഫേ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നായി 74 ഭക്ഷ്യ വിഭവങ്ങളും 47 സംരംഭ യൂണിറ്റിൽ നിന്നായി 340ഓളം ഉൽപന്നങ്ങളുമാണ് മേളയ്ക്ക് കൊഴുപ്പേകിയത്. കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം, തൃശൂർ, മലപ്പുറം ജില്ലകളിൽ നിന്നുള്ള സംരംഭകരും മേളയിൽ പങ്കെടുത്തു.

### മധുരിക്കും വിഭവങ്ങൾ

വിവിധങ്ങളായ ചക്കപ്പായസങ്ങൾ, ചക്കക്കുരു പായസം, ചക്കപ്പുഴുക്ക്, ചക്ക അച്ചാർ, ചക്ക ബജി, ചക്ക ജ്യൂസ്, ചക്ക ജാം, ചക്ക സ്ക്വാഷ്, ചക്ക ഹൽവ, ചക്ക അട, ചക്ക ഉപ്പേരി, ചക്ക തേനിലിട്ടത്, ചക്ക ബിരിയാണി, ചക്ക ഉണ്ണിയപ്പം, ചക്ക വട, ചക്ക സദ്യ, ചില്ലി ചക്ക എന്നിവായണ് മേളയിൽ ലഭ്യമായ വിഭവങ്ങൾ.

### വാശിയേറിയ പാചക മത്സരം

മേളയുടെ അവസാന ദിവസം സി.ഡി.എസുകൾക്കായി സംഘടിപ്പിച്ച പാചക മത്സരത്തിൽ വിജയികളായത് 22 വിഭവങ്ങളുമായി മത്സരത്തിൽ പങ്കെടുത്ത കോട്ടുവള്ളി സി.ഡി.എസ്. മുപ്പതിലേറെ സി.ഡി.എസുകൾ ചക്കകൊണ്ടുള്ള അൻപതിലേറെ വിഭവങ്ങൾ തയ്യാറാക്കിയാണ് പാചകമത്സരത്തിന് വാശിയേറ്റിയത്. മത്സരത്തിൽ പങ്കെടുത്ത എല്ലാ സി.ഡി.എസുകളും പത്തോളം വ്യത്യസ്തമായ വിഭവങ്ങൾ തയ്യാറാക്കിയിരുന്നു. വളരെ കുറഞ്ഞ ചെലവിൽ ചക്ക കൊണ്ട് തയ്യാറാക്കാവുന്ന സ്വാദിഷ്ഠവും പോഷകമൂല്യമുള്ളതുമായ എണ്ണമറ്റ വിഭവങ്ങളുടെ സാധ്യതകൾ കൂടി വ്യക്തമാക്കുന്നതായിരുന്നു പാചക മത്സരം.

### ചക്കയുടെ പോഷക ഗുണങ്ങൾ വിശദമാക്കി സെമിനാർ

മൂന്നുദിവസം നീണ്ട ഫെസ്റ്റിൽ ചക്കയുടെ വിവിധ ഉപയോഗം, പോഷക ഗുണങ്ങൾ, ചക്കയിൽ നിന്നും ഉണ്ടാക്കാവുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങൾ എന്നിവയെ കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. പത്തനംതിട്ട കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ധ ഷാന ഹർഷൻ ക്ളാസ് നയിച്ചു. കുടുംബശ്രീ സി.ഡി.എസുകളിൽ നിന്നും ജില്ലാമിഷനിൽ നിന്നുമായി 250ഓളം പേർ പങ്കെടുത്തു.

തേൻ വരിക്ക ഫെസ്റ്റിന്റെ ഉദ്ഘാടനം പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞ് നിർവഹിച്ചു. കൊച്ചി മേയർ ടോണി ചമ്മണി,അദ്ധ്യക്ഷത വഹിച്ചു. വിപണന മേളയുടെ ഉദ്ഘാടനം കെ.വി തോമസ് എം.പിയും ഭക്ഷ്യമേളയുടെ ഉദ്ഘാടനം ഹൈബി ഈഡൻ എം.എൽ.എയും നിർവഹിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സല കുമാരി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എൽദോസ് കുന്നപ്പിള്ളി,, കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗം എസ്.പി കുഞ്ഞഹമ്മദ്, കുടുംബശ്രീ പ്രോഗ്രാം മാനേജർ ഡോ.എസ്.സലിം, എം.കെ.എസ്.പി റീജിയണൽ കോ-ഓർഡിനേറ്റർ രാഹുൽ എന്നിവർ പങ്കെടുത്തു.

## ബാലസഭാ വാർത്തകൾ

### 'ഒഴുകാം ഒരു പുഴയായ്':

# കുടുംബശ്രീ ബാലസഭ സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു



ജില്ലാതല റിസോഴ്സ് പേഴ്സൺ ജിതേന്ദ്രൻ മങ്കൊമ്പ് കുടുംബശ്രീ ബാലസഭാംഗങ്ങൾക്ക് പരിശീലനം നൽകുന്നു

അവധിക്കാലം സർഗാത്മകതയുടെ സമഗ്ര വികാസത്തിനായി മാറ്റിവച്ചപ്പോൾ കുടുംബശ്രീ ബാലസഭാംഗങ്ങളുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചത് നാലു ഹ്രസ്വ ചിത്രങ്ങളും നിരവധി വ്യത്യസ്ത പരിപാടികളും. കുടുംബശ്രീ ആലപ്പുഴ ജില്ലാമിഷന്റെ നേതൃത്വത്തിൽ ബാലസഭാംഗങ്ങൾക്കായി ഒഴുകാം ഒരു പുഴയായായ് എന്ന പേരിൽ സംഘടിപ്പിച്ച നാലു ദിവസത്തെ അവധിക്കാല ബ്ളോക്ക്തല സഹവാസ ക്യാമ്പിലാണ് കുട്ടികൾ തങ്ങളുടെ നൈസർഗികമായ ആശയങ്ങൾക്ക് നിറം നൽകിയത്.

കുടിവെള്ളം, ബാലവേല, ശൈശവവിവാഹം, സ്ത്രീധനം, എന്നീ സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ നിർമിച്ച ഹ്രസ്വചിത്രങ്ങളാണ് ഏറെ ശ്രദ്ധേയമായത്.

ജില്ലയിലെ കുമാരപുരം, താമരക്കുളം, തണ്ണീർമുക്കം, എഴുപുന്ന, ആല, വെളിയനാട് എന്നീ പഞ്ചായത്തുകളിലാണ് ക്യാമ്പ് നടത്തിയത്. കുടുംബശ്രീ സി.ഡി.എസുകളുടെയും പഞ്ചായത്തുകളുടെയും സഹകരണത്തോടെയായിരുന്നു ക്യാമ്പിന്റെ സംഘാടനം. പരിസ്ഥിതി, സാമൂഹ്യനീതി, സ്ത്രീ-പുരുഷ പദവി, സംസ്കാരം, മാദ്ധ്യമ വിദ്യാഭ്യാസം, കുട്ടികളുടെ അവകാശങ്ങൾ, നാടൻ പാട്ടുകൾ, എന്നീ വിഷയങ്ങളിലായിരുന്നു ബാലസഭാംഗങ്ങൾക്ക് പരിശീലനം.

പാട്ട്., അഭിനയം, പാരമ്പര്യ കലാരൂപങ്ങൾ, വിവിധ കളികൾ എന്നിവയുടെ സഹായത്തോടെയാണ് കുട്ടികൾക്ക് പരിശീലനം നൽകിയത്. പരസ്പരം സംഭാഷണങ്ങളിലൂടെയും സംവാദങ്ങളിലൂടെയും കുട്ടികളെ ചോദ്യം ചോദിപ്പിക്കുന്നതിനും സ്വയം ഉത്തരം കണ്ടെത്തുന്നതിനുമുള്ള അവസരം സൃഷ്ടിച്ചുകൊണ്ടാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

എഴുപുന്നയിൽ അഡ്വ. ആരിഫ് എം.എൽ.എ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് സി.എക്സ് തങ്കച്ചൻ അദ്ധ്യക്ഷത വഹിച്ചു. തണ്ണീർമുക്കത്ത് പഞ്ചായത്ത് പ്രസിഡന്റ് കെ.പത്മാവതിയമ്മ ക്യാമ്പ് ഉദ്ഘാടനവും വൈസ് പ്രസിഡന്റ് ടി.ടി. സാജു അദ്ധ്യക്ഷതയും വഹിച്ചു. കുമാരപുരത്ത് സംഘടിപ്പിച്ച ക്യാമ്പ് ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ ഉദയഭാനു ഉദ്ഘാടനം ചെയ്തു. ബാലപഞ്ചായത്ത് പ്രസിഡന്റ് മാസ്റ്റർ അഖിൽരാജ് അദ്ധ്യക്ഷത വഹിച്ചു. വെളിയനാട് നടത്തിയ ക്യാമ്പ് പഞ്ചായത്ത് പ്രസിഡന്റ് ഓമന അനിൽകുമാർ ഉദ്ഘാടനവും വൈസ് പ്രസിഡന്റ് അദ്ധ്യക്ഷതയും നിർവഹിച്ചു. ആലയിൽ ജില്ലാ പഞ്ചായത്ത് മെമ്പർ പുഷ്പലത മധു ഉദ്ഘാടനവും പഞ്ചായത്ത് പ്രസിഡന്റ് സാമുവൽ കുട്ടി അദ്ധ്യക്ഷതയും വഹിച്ചു. താമരക്കുളത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജലീല ഹബീബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡൻന്റ് ലതാ പ്രസന്നൻ അദ്ധ്യക്ഷത വഹിച്ചു.

കുടുംബശ്രീ ജില്ലാ മിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ സുജ ഈപ്പൻ, ബാലസഭാ കൺസൾട്ടന്റ് രാജേഷ് പൈ, ജില്ലാതല റിസോഴ്സ് പേഴ്സൺമാരായ ജതീന്ദ്രൻ മങ്കൊമ്പ്, പ്രസാദ് ദാസ്, ബിജു മാവേലിക്കര, ലളിത, സേതുകുമാരി എന്നിവർ ക്ളാസുകൾ നയിച്ചു.

ജില്ലാ മിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ സുജ ഈപ്പൻ, ബാലസഭാ കൺസൾട്ടന്റ് രാജേഷ് പൈ, ജില്ലാതല റിസോഴ്സ് പേഴ്സൺമാരായ ജിതേന്ദ്രൻ മങ്കൊമ്പ്, പ്രസാദ് ദാസ്, ബിജു മാവേലിക്കര, ലളിത, സേതുകുമാരി എന്നിവർ ക്ളാസുകൾ നയിച്ചു.

## ബ്ളോക്കുതല ബാലസഭ

# സഹവാസ ക്യാമ്പ്



കുടുംബശ്രീ ബ്ലോക്ക്തല സഹവാസ ക്യാമ്പിൽ പങ്കെടുക്കുന്ന ബാലസഭാംഗങ്ങൾ

കുടുംബശ്രീ തിരുവനന്തപുരം ജില്ലാമിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ പതിനൊന്ന് ബ്ളോക്കുകളിൽ ബാലസഭാംഗങ്ങൾക്കായി ബ്ളോക്കുതല സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു.

പോത്തൻകോട്, ചിറയിൻകീഴ്, വർക്കല, വെള്ളനാട്, പെരുങ്കടവിള, നേമം, പാറശ്ശാല, വാമനപുരം, അതിയന്നൂർ, നെടുമങ്ങാട്, നെയ്യാറ്റിൻകര, കിളിമാനൂർ എന്നീ ബ്ളോക്കുകളിൽ നിന്നും തിരഞ്ഞെടുത്ത കുട്ടികളാണ് സഹവാസ ക്യാമ്പിൽ പങ്കെടുത്തത്. നാലുദിവസമായിരുന്നു ക്യാമ്പ്. ആകാം നമുക്ക് കുട്ടികൾ, ആകാം മനക്കരുത്തുള്ള കുട്ടികൾ എന്നതായിരുന്നു ക്യാമ്പിന്റെ മുഖ്യ സന്ദേശം. കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യമിട്ടു കൊണ്ടാണ് സഹവാസ ക്യാമ്പ് സംഘടിപ്പിച്ചത്. പരിസ്ഥിതി, ലിംഗസമത്വം, സാമൂഹിക നീതി, ബഹുജന മാദ്ധ്യമം എന്നിങ്ങനെ വ്യത്യസ്തമായ വിഷയങ്ങളാണ് കുട്ടികൾ ചർച്ച ചെയ്തത്.

മാറുന്ന സംസ്കാരത്തിനിടയിലും ജീവിതത്തിന്റെ നൻമയും തിൻമയും തിരിച്ചറിയാനും നൻമയെ സ്വീകരിക്കാനും പഠിപ്പിക്കുന്നതായിരുന്നു ഒഴുകാം ഒരു പുഴയായ് എന്ന ക്യാമ്പ്. വിവിധ ബ്ളോക്കുകളിൽ സംഘടിപ്പിച്ച ക്യാമ്പിൽ ജില്ലാതല റിസോഴ്സ് പേഴ്സൺമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ എന്നിവർ പങ്കെടുത്തു,

# കുടുംബശ്രീ ബാലപാർലമെന്റ് സംഘടിപ്പിച്ചു

കുടുംബശ്രീ തിരുവനന്തപുരം ജില്ലാമിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ പതിനൊന്ന് ബ്ളോക്കുകളിൽ ബാലപാർലമെന്റ് സംഘടിപ്പിച്ചു.

കിളിമാനൂർ, ചിറയിൻകീഴ്, പോത്തൻകോട്, വാമനപുരം, നെടുമങ്ങാട്, വെള്ളനാട്, നേമം, അതിയന്നൂർ, പെരുങ്കടവിള, പാറശ്ശാല, വർക്കല എന്നിവിടങ്ങളിലാണ് ബാലപാർലമെന്റ് നടത്തിയത്. കുട്ടികളുടെ അവകാശങ്ങൾ തുറന്നു പറയുക, അത് സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ബാലപാർലമെന്റ് സംഘടിപ്പിച്ചത്. ഓരോ ബ്ലോക്കിലും 125ലേറെ കുട്ടികൾ പങ്കെടുത്തു.



കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ചുകൊണ്ട് വിദ്യാഭ്യാസം, ഗതാഗതം, കലാകായികം, ആരോഗ്യം, ശുചിത്വം എന്നീ വിഷയങ്ങൾ നൽകി ചർച്ചകൾ സംഘടിപ്പിച്ചു.

ഓരോ ബ്ളോക്കിലും രണ്ട് ജില്ലാ റിസോഴ്സ് പേഴ്സൺമാരും കൺസൾട്ടന്റും ഉൾപ്പെട്ട ടീം ബാലപാർലമെന്റിനു നേതൃത്വം നൽകി.

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kochi. Managing Editor: S.Padmanabha Pillai. Editorial Assistant: Asha.S. Panicker.
email: spempro2012@gmail.com

For private circulation